## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2706

09/03/2017-ലെ മറുപടിയ്ക്ക്.

**പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ നവീകരണം**

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പുകളുടെ മുഴുവൻ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദവിവരം നൽകുമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലെ മുഴുവൻ ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരിക്കുന്നതിനുമായി തുക അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകാത്ത നവീകരണം ആവശ്യമുള്ള എല്ലാ ഹോസ്റ്റൽ കെട്ടിടങ്ങൾക്കും ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് എല്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂനിസെഫ് നിഷ്ക്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ/ടി.ഡി.ഒ. മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

<table>
<tr>
<td>(ബി)</td>
<td>ദീർഘനാളായി പണി പൂർത്തീകരിക്കാത്ത എത്ര ഹോസ്റ്റലുകൾ വകുപ്പുകളിലുണ്ട് ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?</td>
<td>(ബി)</td>
<td>
പട്ടികജാതി വികസന വകുപ്പിനു കീഴിൽ 2014-15 സാമ്പത്തിക വർഷം അനുമതി ലഭിച്ചതും പണി പൂർത്തിയാകാത്തതുമായ 7 ഹോസ്റ്റലുകളുണ്ട്. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.
പട്ടികവർഗ വികസന വകുപ്പിന് കീഴിൽ ദീർഘനാളായി പണി പൂർത്തീകരിക്കാത്ത ഹോസ്റ്റലുകൾ ഇല്ല എന്ന വിവരം അറിയിക്കുന്നു. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ഹോസ്റ്റലിന്റെ പേര്</th><th>ഭരണാനുമതി ലഭ്യമായ തീയതി</th><th>പണി ആരംഭിച്ച തീയതി</th></tr>
<tr><td>1</td><td>പ്രീമെട്രിക് ഹോസ്റ്റൽ, ഇരുമ്പുപാലം, ഇടുക്കി</td><td>5-9-14</td><td>2-3-16</td></tr>
<tr><td>2</td><td>പ്രീമെട്രിക് ഹോസ്റ്റൽ, വട്ടവട, ഇടുക്കി</td><td>3-10-15</td><td>19-3-16</td></tr>
<tr><td>3</td><td>പ്രീമെട്രിക് ഹോസ്റ്റൽ, മീനാക്ഷിപുരം പാലക്കാട്</td><td>17-11-15</td><td>28-10-16</td></tr>
<tr><td>4</td><td>പ്രീമെട്രിക് ഹോസ്റ്റൽ, ആറളം, കണ്ണൂർ</td><td>17-11-15</td><td>ടി ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിലേക്കായി 18-1-17ൽ കരാർ ഉടമ്പടി ഒപ്പ് വച്ചിട്ടുണ്ട്</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, ഷോളയൂർ (100 ബോയ്സ്) പാലക്കാട് | 9-12-11 | 20-3-13 |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ, (60 ബോയ്സ്) പാലക്കാട് | 7-7-15 | 12-7-16 |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി വയനാട് | 28-5-14 | 29-12-14 |

സെക്ഷൻ ഓഫീസർ